4. താഴെ പറയുന്ന പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി നല്കി.

| | | |
|---|---|---|
| 1. | ആർ. ടി. ഒ. | 3 |
| 2. | ജോയിന്റ് ആർ. ടി. ഒ | 3 |
| 3. | എം.വി.ഐ | 11 |
| 4. | എ.എം.വി.കെ. | 22 |
| 5. | സീനിയർ സൂപ്രണ്ട് | 3 |
| 6. | ജൂനിയർ സൂപ്രണ്ട് | 3 |
| 7. | പി.ആർ.ഒ | 3 |
| 8. | ഹെഡ് അക്കൗണ്ടന്റ് | 3 |
| 9. | എൽ.ഡി.സി. | 18 |
| 10. | എൽ.ഡി. ടൈപ്പിസ്റ്റ് | 6 |
| 11 | ഡ്രൈവർ | 8 |
| 12. | അറ്റന്റർ | 6 |
| 13. | പ്യൂൺ | 9 |
| 14. | പി.ടി.സ്വീപ്പർ | 3 |

5. മൂന്ന് കാറുകളും 4 ജീപ്പുകളും വാങ്ങിക്കുവാൻ അനുമതി നൽകി.

6 10 ലക്ഷം രൂപക്കുള്ള ഓഫീസ് ഫർണിച്ചർ വാങ്ങുവാൻ അനുമതി നൽകി.

**പി.എസ്.സി നടത്തുന്ന പരീക്ഷകൾ**

14 (947) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗ നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ഉത്തരക്കടലാസിൽ ഉദ്യോഗാർത്ഥികളുടെ ജാതി രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെന്തിനെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഉദ്യോഗനിയമനത്തിനായി പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസിൽ മൂല്യനിർണ്ണയം ചെയ്യുന്നതിനു മുൻപ് ഫാൾസ് നമ്പർ ഇടുന്ന ഏർപ്പാടുണ്ടായിരുന്നുവോ ;

(ഇ) ആ ഏർപ്പാട് നിർത്തലാക്കിയിട്ടുണ്ടോ ; അത് നിർത്തലാക്കിയതു മൂലം പരീക്ഷ എഴുതുന്നവരെ തിരിച്ചറിയുവാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത് ക്രമക്കേട് തടയുന്നതിന് സഹായകമാവുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ അതൊഴിവാക്കാനുള്ള മാർഗ്ഗങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒ.എം.ആർ. സംവിധാനത്തിലൂടെ മൂല്യനിർണ്ണയം നടത്തുന്ന പരീക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം ഒരു നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) ഷോർട്ട് ലിസ്റ്റ്/റാങ്ക്‌ലിസ്റ്റ്, സംവരണ സമുദായങ്ങൾക്കുള്ള സപ്ലിമെന്ററി ലിസ്റ്റ് എന്നിവ വേഗത്തിൽ തയ്യാറാക്കാൻ ഇതുമൂലം സാധിക്കും.

(ഡി) ഉണ്ടായിരുന്നു.

(ഇ) നിർത്തലാക്കിയിട്ടില്ല.

(എഫ് & ജി) ചോദ്യം ഉദിക്കുന്നില്ല.

**തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

**15 (948)** ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പ്രധാന വികസന പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം -V

LIBRARY ARCHIVES Kerala Legislative Assembly